**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2777** **25-06-2024 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ ആലയംകോട്-വെള്ളംകാട് കോളനിയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മലമ്പുഴ മണ്ഡലത്തിലെ കൊടുമ്പ് പഞ്ചായത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ ആലയംകോട്-വെള്ളംകാട് കോളനിയുടെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കുവാൻ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | നിർവഹണ ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനും മോണിറ്ററി കമ്മിറ്റി മീറ്റിംഗ് സംഘടിപ്പിക്കുന്നതിനും എംഎൽഎക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ചുമതല മുൻപ് ഈ പ്രവൃത്തികൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുള്ള സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികളായ പൊതുമേഖലാ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | 03.02.2024 ലെ സ.ഉ.(സാധാ)നം. 38/2024/SCSTD പ്രകാരം 2023-24 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളുടെ നിർവഹണ ഏജൻസി ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളാണ്. മറ്റേതെങ്കിലും അക്രഡിറ്റഡ് ഏജൻസികളെ ചുമതലപ്പെടുത്തുന്ന വിഷയം എംഎൽഎ ശിപാർശ ചെയ്യുന്ന പക്ഷം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ